LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : ഒരു കോൺഫറൻസിലാണ് ഈ പ്രശ്നം ആദ്യമായി ഗവൺമെന്റിനു വേണ്ടി ഉന്നയിച്ചത്. പ്രത്യേകമായ എതിർപ്പ് പ്രകടിപ്പിട്ടില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : കാർഷികമേഖലയിലെ സഹകരണ സംഘങ്ങളിലെ സഹകാരികൾക്ക് ഈ ഇൻഷ്വറൻസ് പദ്ധതികൊണ്ട് എന്തെങ്കിലും പ്രയോജനം ലഭിക്കുമോ? സഹകരണസംഘങ്ങളിലെ സഹകാരികളായ കർഷകർക്ക് കാർഷിക വകുപ്പിൽ നിന്നും നിഷേധിക്കപ്പെട്ടിരിക്കുന്ന വൈദ്യുതി സൗജന്യം പോലുള്ള ഏർപ്പാടുകൾ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതുകൊണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : സഹകരണപ്രസ്ഥാനത്തിന്റെ നിലനില്പും അതിന്റെ വളർച്ചയും എന്നു പറയുന്നത് കർഷകരുടെ കൂട്ടായ്മയും നിക്ഷേപം ഉറപ്പാക്കലും വായ്പ നൽകലുമാണ്. ഗ്രാമീണ കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനമാണ് സഹകരണമേഖല. ഈ ഇൻഷ്വറൻസ് കമ്പനി വരുന്നതോടുകൂടി നിക്ഷേപം, വായ്പ, വിവിധ പ്രോജക്ടുകൾ, അതിലുണ്ടാകുന്ന ഉൽപ്പന്നങ്ങൾ, മാർക്കറ്റിംഗ് തുടങ്ങിയിട്ടുള്ള സമസ്ത സ്റ്റേജുകളിലും പൂർണ്ണമായ സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പു വരുത്തുന്നതാണ്. ദീർഘകാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും ഈ ഇൻഷ്വറൻസ് കമ്പനിക്ക് നിർണ്ണായകരമായ പങ്ക് വഹിക്കാൻ കഴിയും, കഴിയണം എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പവർ ഹൈവേകൾ

5(*34) ശ്രീ. രാജു എബ്രഹാം :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ പവർ ഹൈവേകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) പവർ ഹൈവേ ഏതൊക്കെ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണെന്ന് വ്യക്തമാക്കുമോ ;

(സി) നിർദ്ദിഷ്ട പവർ ഹൈവേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ഡി) നിർദ്ദിഷ്ട പവർ ഹൈവേയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പവർ ഹൈവേ സ്ഥാപിക്കുന്നതിന് പുതിയ സബ് സ്റ്റേഷനുകൾ നിർമ്മിക്കേണ്ടതായി വരുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് പുതിയ സബ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പുതിയ പവർ ഹൈവേയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) എൻ.ടി.പി.സി. യുടെ ഒറീസ്സയിലെ താൽച്ചർ നിലയത്തിന്റെ രണ്ടാംഘട്ടം ഉൽപ്പാദനം 2003-ൽ ആരംഭിക്കുമ്പോൾ കേരളത്തിന് അർഹതപ്പെട്ട വിഹിതമായ 280 മെഗാവാട്ട് വൈദ്യുതി എത്തിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ മധുര-തിരുവനന്തപുരം 400 കെ.വി. ഡബിൾ സർക്യൂട്ട് ലൈനും, അനുബന്ധമായി പള്ളിപ്പുറത്ത് 400 കെ.വി. സബ് സ്റ്റേഷനും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ തിരുവനന്തപുരം, പള്ളം, കളമശ്ശേരി, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് 400 കെ.വി. യുടെ ഡബിൾ സർക്യൂട്ട് ലൈൻ (പവർ ഹൈവേ) സ്ഥാപിക്കുന്നതിന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ട്രാൻസ്മിഷൻ പ്ലാനിൽ വിഭാവന ചെയ്തിട്ടുണ്ട്. ഇതു കൂടാതെ കായംകുളം പദ്ധതിയുടെ വികസനവുമായി ബന്ധപ്പെട്ട തിരുവനന്തപുരം, കായംകുളം, ബ്രഹ്മപുരം, മാടക്കത്തറ, കോഴിക്കോട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു പവർ ഹൈവേ നിർമ്മിക്കുവാൻ ഉള്ള ആവശ്യം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പരിഗണനയിലാണ്.

(സി) അന്തർസംസ്ഥാനങ്ങൾ തമ്മിൽ ക്രയവിക്രയം നടക്കുമ്പോൾ വൈദ്യുതിയുടെ പ്രസരണ നഷ്ടം കഴിയുന്നതും കുറയ്ക്കുകയും, ഇവയുടെ പ്രസരണം സുഗമമാക്കുകയും, സംസ്ഥാനത്തിനുള്ളിലെ പ്രസരണ നഷ്ടം കുറയ്ക്കുകയും, ഗുണനിലവാരമുള്ള വൈദ്യുതി തടസ്സം കൂടാതെ ഉറപ്പു വരുത്തുകയുമാണ് പവർ ഹൈവേയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ഡി) നിർദ്ദിഷ്ട പവർ ഹൈവേയുടെ ഒന്നാംഘട്ടമായ മധുര-തിരുവനന്തപുരം 400 കെ. വി. ലൈനിന്റേയും അനുബന്ധ സബ് സ്റ്റേഷന്റേയും നിർമ്മാണ ചുമതല കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷനാണ്. ഇവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ ചെയ്യേണ്ട ചുമതലകൾ യഥാസമയം നിർവ്വഹിക്കുന്നുണ്ട്. തിരുവനന്തപുരം 400 കെ.വി. സബ് സ്റ്റേഷന്റെ സ്ഥലമെടുപ്പിനോടനുബന്ധിച്ചുള്ള സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മധുര-തിരുവനന്തപുരം 400 കെ. വി. ലൈനിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് ഒരു 400 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ട്രാൻസ്മിഷൻ പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള 400 കെ.വി.ലൈൻ പ്രവർത്തനക്ഷമമാകുമ്പോൾ പള്ളം, കളമശ്ശേരി, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ പുതിയ 400. കെ.വി. സബ് സ്റ്റേഷനുകൾ നിർമ്മിക്കേണ്ടതായി വരും.

(എഫ്) 400 കെ. വി. ലൈനിന്റേയും, സബ് സ്റ്റേഷനുകളുടേയും നിർമ്മാണ ചുമതല കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷനാണ് . ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ ചെയ്യേണ്ടതായ എല്ലാം കാര്യങ്ങളും ചെയ്തു കൊടുക്കുന്നുണ്ട്.

സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേക സംരക്ഷണം

6(*35) ശ്രീ. ജോസ് ബേബി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. നാരായണൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ സ്ഥാപനങ്ങളിൽ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രത്യേക സംരക്ഷണം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഇല്ല എന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? എങ്കിൽ അവ പരിഹരിക്കുമ്പോൾ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സ്ത്രീകൾക്കായുള്ള ടോയ്ലറ്റുകൾ, ശിശുപരിപാലനകേന്ദ്രങ്ങൾ, പ്രത്യേകമായ വിശ്രമമുറികൾ, സുരക്ഷിതമായ യാത്രാസൗകര്യം എന്നിവ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്ത്രീതൊഴിലാളികൾക്കെതിരെയുള്ള ലൈംഗിക പീഡനം തടയുന്നതിന് 1998-ൽ സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) പുരുഷ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്കു പുറമേ സ്ത്രീ തൊഴിലാളികൾക്കു ലഭിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.*

(ബി) രണ്ട് സംസ്ഥാന മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്കു അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പല സൗകര്യങ്ങളും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly